# പ്രധാനമന്ത്രി ബൽജിയം പ്രധാനമന്ത്രിയുമായി സംഭാഷണം നടത്തി

മാർച്ച് 26, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് ബൽജിയം പ്രധാനമന്ത്രി ശ്രീ. അലക്സാണ്ടർ ഡി ക്രൂവുമായി ടെലിഫോണിൽ സംസാരിച്ചു.

ബ്രസൽസിൽ അടുത്തിടെ നടന്ന പ്രഥമ ആണവോർജ്ജ ഉച്ചകോടിയുടെ വിജയകരമായ നടത്തിപ്പിൽ ബൽജിയം പ്രധാനമന്ത്രി ഡി ക്രൂവിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയും ബൽജിയവും തമ്മിലുള്ള മികച്ച ബന്ധങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്തു. വ്യാപാരം, നിക്ഷേപം, ക്ലീൻ ടെക്നോളജികൾ, സെമികണ്ടക്ടറുകൾ, ഫാർമസ്യൂട്ടിക്കൽസ്, ഹരിത ഹൈഡ്രജൻ, ഐടി, പ്രതിരോധം, തുറമുഖങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ ചർച്ച ചെയ്തു.

യൂറോപ്യൻ യൂണിയന്റെ ബൽജിയൻ പ്രസിഡൻസിക്ക് കീഴിൽ ഇന്ത്യയും ഇയുവും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു വ്യക്തമാക്കി.

പ്രാദേശിക, ആഗോള സംഭവവികാസങ്ങൾ സംബന്ധിച്ച കാഴ്ചപ്പാടുകൾ ഒരു നേതാക്കളും പങ്കുവച്ചു. സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെയും പശ്ചിമേഷ്യൻ സംഘർഷത്തിനും റഷ്യ-ഉക്രെയിൻ സംഘർഷത്തിനും എത്രയും വേഗം പരിഹാരം കാണുകയും സമാധാനവും സുരക്ഷയും പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഇരു നേതാക്കളും അംഗീകരിച്ചു.

ആശയവിനിമയം തുടരുന്നതിന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂഡൽഹി**
**മാർച്ച് 26, 2024**